പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 22 02.03.2020 ൽ മറുപടിക്ക്

## റെയിൽ പദ്ധതികൾക്ക് കേന്ദ്ര ബജറ്റ് വിഹിതം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്ക് പുതിയ കേന്ദ്ര ബജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത് എന്ന് അറിയാമോ;വ്യക്തമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്കായി കേന്ദ്ര ബജറ്റിൽ ഏകദേശം 164 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം - കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും, ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി-ശബരി, അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് 1000 രൂപ വീതവും, മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.<br>എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ വികസനം തുടങ്ങിയവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | പാത ഇരട്ടിപ്പിക്കൽ, നേമം, കൊച്ചുവേളി സ്റ്റേഷനുകളുടെ വികസനം എന്നിവക്ക് ബജറ്റ് വിഹിതം എത്രയാണ് ; | | |
| (സി) | തേജസ് മോഡൽ ട്രെയിൻ സംസ്ഥാനത്ത് ആരംഭിക്കുവാൻ സാധ്യതയുണ്ടോ; എങ്കിൽ ഏത് റൂട്ടിൽ എന്ന് വ്യക്തമാക്കാമോ? | (സി) | അറിയിപ്പുകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ